# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.4/615/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/04/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (AIMS മുഖേന)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ ),മലപ്പുറം
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം.4/615/2023 തീയ്യതി: 05/04/2023

## മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-05-2022 മുതൽ 21-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 22-03-2023 | 29-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-03-2023 | 29-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ദിനേശൻ.എം., ഓഡിറ്റ് ഓഫീസർ
ശ്രീമതി സുജാത.എം., ഓഡിറ്റർ
ശ്രീമതി ഹുസ്ന വി.സി., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അഡ്വക്കേറ്റ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| അബ്ദുറഹിമാൻ കാരാട്ട് | | | |
| ശ്രീ സുനിൽ കുമാർ കെ എം | സെക്രട്ടറി | 01-04-2021 | 06-05-2021 |
| ശ്രീ ഹരിരാജൻ | സെക്രട്ടറി | 07-05-2021 | 10-05-2021 |
| ശ്രീമതി ഫത്തീല | സെക്രട്ടറി | 11-05-2021 | 27-11-2021 |
| ശ്രീ ഹരിരാജൻ | സെക്രട്ടറി | 28-11-2021 | 09-12-2021 |
| ശ്രീ അബ്ദുൽ മജീദ് | സെക്രട്ടറി | 10-12-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.നീന.എൽ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.മിനിമോൾ.എൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 06-01-2022 |
| ശ്രീ ബാബു | അസിസ്റ്റന്റ് എഞ്ചിനിയർ | 07-01-2022 | 31-03-2022 |
| ശ്രീമതി.മിനി ചിത്രംപള്ളി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുബൈദ.കെ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഇന്ദിര.വി | സി.ഡി.പി.ഒ(റൂറൽ) | 01-04-2021 | 28-09-2021 |
| ശ്രീമതി ഷാജിത അറ്റാശ്ശേരി | സി.ഡി.പി.ഒ(റൂറൽ) | 29-09-2021 | 02-12-2021 |
| ശ്രീമതി റജീന പി സി | സി.ഡി.പി.ഒ(റൂറൽ) | 03-12-2021 | 18-02-2022 |
| ശ്രീമതി സീതാ ലക്ഷ്മി | സി.ഡി.പി.ഒ(റൂറൽ) | 19-02-2022 | 31-03-2022 |
| ശ്രീ.ജോർജ് തോമസ് | കൃഷി അസി.ഡയറക്ടർ | 01-04-2021 | 17-06-2021 |
| ശ്രീ ജൈസൽ ബാബു എൻ | കൃഷി അസി.ഡയറക്ടർ | 18-06-2021 | 18-07-2021 |
| ശ്രീ.ജോർജ് തോമസ് | കൃഷി അസി.ഡയറക്ടർ | 19-07-2021 | 24-11-2021 |
| ശ്രീമതി മോളി ശശികല കെ | കൃഷി അസി.ഡയറക്ടർ | 25-11-2021 | 31-12-2021 |
| ശ്രീ ജൈസൽ ബാബു എൻ | കൃഷി അസി.ഡയറക്ടർ | 01-01-2022 | 31-03-2022 |
| ശ്രീമതി.നസീമ.കെ | ക്ഷീര വികസന ഓഫീസർ | 01-04-2021 | 27-05-2021 |
| ശ്രീമതി ശ്രീലത | ക്ഷീര വികസന ഓഫീസർ | 28-05-2021 | 31-03-2022 |
| ഡോ സജിനി പാറക്കൽ | മെഡിക്കൽ ഓഫീസർ ( | 01-04-2021 | 07-07-2021 |

| | | | |
|---|---|---|---|
| | CHC പൂക്കോട്ടൂർ) | | |
| ഡോ ബിന്ദു | മെഡിക്കൽ ഓഫീസർ ( CHC പൂക്കോട്ടൂർ) | 08-07-2021 | 31-03-2022 |
| ശ്രീമതി മേരി ജോൺ | CDPO, അഡീഷണൽ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എസിആർ ചെലവുതുകകൾ പൊരുത്തപ്പെടുന്നില്ല | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 13 | കെട്ടിട വാടക-ബൈലോ തയ്യാറാക്കാത്തതും മറ്റ് അപാകതകളും | 1-12 |
| 14 | മരുന്ന് വാങ്ങൽ പദ്ധതി- മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു | 1-13 |
| 15 | സർക്കാർ ഉത്തരവ് പാലിക്കാതെ സിഡ്കോയിൽ നിന്നും ഫർണ്ണിച്ചർ വാങ്ങി | 1-14 |
| 16 | സാക്ഷരതാ പ്രേരകിന് ഹോണറേറിയം നൽകിയത് റീഇംബേഴ്സ് ചെയ്തു കിട്ടിയില്ല | 1-15 |
| 17 | സാക്ഷരതാ പഠിതാക്കൾക്ക് പഠനസഹായം - ഗുഡ് ഇംഗ്ലീഷ്- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-16 |
| 18 | വിവിധ അങ്കണവാടി നിർമ്മാണത്തിന് വിഹിതം നൽകൽ- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-17 |
| 19 | ഡയറി എക്സ്റ്റൻഷൻ ഓഫീസിലേക്ക് ഉപകരണങ്ങൾ- വാങ്ങൽ നടപടിക്രമം പാലിച്ചില്ല | 1-18 |
| 20 | ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ -വിവിധ പദ്ധതികൾ- വിനിയോഗ വിവരം ലഭ്യമല്ല | 1-19 |
| 21 | നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ തുക നൽകിയത് - പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരവും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ് | 1-20 |
| 22 | ബ്ലോക്ക് പഞ്ചായത്ത് വാഹനത്തിന്റെ ടയർ മാറ്റൽ - കാലതാമസം | 1-21 |
| 23 | വൗച്ചർ സൂക്ഷിപ്പിലെ അപാകതകൾ | 1-22 |
| 24 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തി - ഓവർ ഹെഡ് ചാർജ് കുറച്ചിട്ടില്ല. | 1-23 |

| | | |
|---|---|---|
| 25 | റോഡ് നിർമ്മാണം- മണ്ണ് കിളച്ചെടുക്കൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 1-24 |
| 26 | ഇലക്ട്രിക്കൽ പ്രവൃത്തി നടത്തിപ്പ് - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് നിർമ്മാണം- മണ്ണ് കിളച്ചെടുക്കൽ പ്രവൃത്തിക്ക് 27037 രൂപ അധികച്ചെലവ് | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1(1)/23.02.21 | 7(1)/16.03.22 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 22.06.22 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4637027 |
| വരവ് | 73200524 |
| ആകെ | 77837551 |
| ചെലവ് | 72699731 |
| നീക്കിയിരിപ്പ് | 5137820 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 27887000 | 27887000 | 27490081 | 396919 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8534000 | 8534000 | 8494524 | 39476 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 8171451 | 8171451 | 7527958 | 643493 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് | 0 | 8889037 | 8889037 | 8543876 | 345161 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺ ടൈഡ് | 0 | 5915992 | 5915992 | 4566664 | 1349328 |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എസിആർ ചെലവുതുകകൾ പൊരുത്തപ്പെടുന്നില്ല

| ഇനം | ഗ്രാന്റ് സ്റ്റേറ്റ് മെന്റ് | എ സി ആർ | വ്യത്യാസം |
|---|---|---|---|
| Development Fund General | 26868911 | 27490081 | 621170 |

വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2021-22 | 113 | 76412514 | 85 | 56891027 | 7 | 21 | 75.22 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ –

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.03.23 ന് 10.30 Am സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1180 രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണവിവരം ചേർത്ത് എഴുതി സൂക്ഷിച്ചിട്ടില്ല.
2.സെക്രട്ടറി പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3.പ്രൊജക്ട് ഫയലുകളിൽ എല്ലാ രേഖകളും ചേർത്ത് വച്ച് പൂർണ്ണമാക്കി സൂക്ഷിക്കുന്നില്ല.
4.ഡെപ്പോസിറ്റ് രജിസ്റ്റർ അഡ്വാൻസ് രജിസ്റ്റർ എന്നിവ പൂർണ്ണവിവരം ചേർത്ത് സൂക്ഷിക്കുന്നില്ല.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ്(എ.ഡി.സി) | 12.10.2022 മുതൽ 20.10.22 | 01.04.2021 മുതൽ31.03.22 വരെ | 09.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.11.2013 | 2008-09 മുതൽ 2012-13 വരെ | 02-01-2014 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1).2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2). വാടക – കുടിശ്ശിക ഡിമാന്റ്, ബാലൻസ് എന്നിവ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ | വാർഷികകണക്ക് |
|---|---|---|
| കുടിശ്ശിക ഡിമാന്റ് | 56700 | 72510 |
| കുടിശ്ശിക ബാലൻസ് | 26972 | 42782 |

3). ലഡ്ജർ ട്രയൽ ബാലൻസിലെ ക്ലോസിംഗ് ബാലൻസിൽ ഡെബിറ്റ് കോളത്തിലും ക്രഡിറ്റ് കോളത്തിലും തുക രേഖപ്പെടുത്തിയിട്ടുണ്ട്.

4). RP-47ഷെഡ്യൂൾ പ്രകാരം തൻവർഷം 3492914 രൂപ മുൻകൂർ നൽകുകയും 1273621രൂപ തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. B-18 ഷെഡ്യൂൾ പ്രകാരം 4238136 രൂപയുടെ മുൻകൂർ ക്രമീകരിക്കാനുമുണ്ട്. ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ കൃത്യതയോടെയും പൂർണ്ണ വിശദാംശങ്ങൾ സഹിതവും വിവരം ചേർത്തിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

5). B-7 പ്രകാരം 464150രൂപയുടെ ഡെപ്പോസിറ്റ് ബാധ്യതയുണ്ട്. RP-34 ഷെഡ്യൂൾ പ്രകാരം തൻവർഷം 70500 രൂപയുടെ ഡെപ്പോസിറ്റ് സ്വീകരിക്കുകയും 145999 രൂപയുടെ ഡെപ്പോസിറ്റ് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ പൂർണ്ണ വിവരം ചേർത്തിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

6) RP-38ഷെഡ്യൂൾ പ്രകാരം തൻവർഷം 3855848/-രൂപ ചെലവഴിച്ച് ആസ്തി സൃഷ്ടിച്ചിട്ടുണ്ട്. B-11 പ്രകാരം 32268808 (After Depreciation) രൂപ മൂല്യമുള്ള ആസ്തികളുണ്ട്. ആസ്തി രജിസ്റ്റർ പൂർണ്ണ വിവരം ചേർത്ത് കാലികമാക്കിയിട്ടില്ല. കൃത്യത പരിശോധിക്കാനായിട്ടില്ല.

7) ഡിപ്രീസിയേഷൻ കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

8). പ്രത്യേക എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-4 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9). എല്ലാ ദിവസവും ഡേ ബുക്ക് പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. (01.04.2022 To 30.04.2022, 01.05.2022 To 31.05.2022 , 01.06.2022 To 30.06.2022 എന്നിങ്ങനെ ഒരു കാലയളവിലേക്ക് ഒരു ഡേ ബുക്ക് പ്രിന്റ് ആണ് ഉള്ളത്).

10). Punjab National Bank -TSC അക്കൗണ്ടിൽ 708109/- രൂപ നീക്കിയിരിപ്പുണ്ട്. വർഷങ്ങളായി ഇടപാടുകളില്ലാത്ത ഈ അക്കൗണ്ടിന്മേൽ ബന്ധപ്പെട്ട വകുപ്പുമായി ബന്ധപ്പെട്ട് ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

11). വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ ആകെ 3972734/-രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. ആയത് RP47ൽ ഉൾപ്പെടുത്തിയിട്ടില്ല.

12). മുൻ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 9/28.03.2023 ന് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-12 കെട്ടിട വാടക-ബൈലോ തയ്യാറാക്കാത്തതും മറ്റ് അപാകതകളും

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വനിതാ വ്യവസായ വിപണന കേന്ദ്രം ഒതുക്കുങ്ങൽ, SGSY ഇൻഫ്രാ ബിൽഡിംഗ് ആനക്കയം, HADA ബിൽഡിംഗ് ചെങ്ങോട്ടൂർ എന്നീ കെട്ടിടങ്ങളാണ് വാടകക്ക് നൽകിയിട്ടുള്ളത്. ഇവയുടെ 2021-22 ലെ വാടക ഡിമാന്റ് രജിസ്റ്റർ, ബന്ധപ്പെട്ട മറ്റ് രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡിമാന്റ് രജിസ്റ്ററിൽ ഈ കെട്ടിടങ്ങളിലെ വാടകക്ക് കൊടുക്കുന്ന മുഴുവൻ മുറികളുടെയും വിവരങ്ങളടങ്ങിയ ഇൻഡക്സ് ചേർത്തിട്ടില്ല. ഇൻഡക്സ് ചേർക്കാത്തതിനാൽ മുഴുവൻ മുറികളും വാടകക്ക് നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

2. മുറികൾ വാടകക്ക് കൊടുക്കുന്നത് സംബന്ധിച്ച ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

3. വാടകയിൽ വാർഷിക വർദ്ധനവ് വരുത്തുന്നതിനനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റിൽ ആനുപാതിക വർദ്ധനവ് വരുത്തുന്നില്ല.

4. ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷത്തെ വാടക കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| റൂംനമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക | രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക വിവരം |
|---|---|---|---|
| റൂംനമ്പർ ലഭ്യമല്ല.<br>വനിതാ വ്യവസായ വിപണന കേന്ദ്രം ഒതുക്കുങ്ങൽ( Open Hall First Floor) | പുഷ്പലത കണ്ണൻ | 12500+ GST | 25000( 02/22& 03/22) |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 8/28.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതും ക്രമ നമ്പർ 1,2,3 അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-13 മരുന്ന് വാങ്ങൽ പദ്ധതി- മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പൂക്കോട്ടൂർ പി എച്ച് സിയിലേക്ക് മരുന്ന വാങ്ങുന്നതിനായി നടപ്പിലാക്കിയ വിവിധ മരുന്ന് വാങ്ങൽ പദ്ധതികളിൽ KMSCL ന് തുക മുൻകൂറായി നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പി എച്ച് സിയിലേക്ക് മരുന്ന വാങ്ങൽ(19/22)

ഫണ്ട്/അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്/1400000/-രൂപ

ചെലവ്/ വൗച്ചർ നമ്പർ-

Rs. 400000/-, Bill No. 46/21-22/02.03.22

Rs 1000000/- Bill No. 22/21-22/15.11.21

മരുന്ന് ലഭ്യമായതിന്റെ വിവരം

| ക്രമ.ന | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | | മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്ന തുക(രൂപ) |
|---|---|---|---|---|---|
| 1 | Prf Invno. PRF2497/16.10.21 | 1000000 | Inv No.10592/29.12.21 | 88055 | 162686 |
| | | | Inv No.11219/11.01.22 | 1651 | |
| | | | Inv No.616/20.04.22 | 190809 | |
| | | | Inv No.3923/07.06.22 | 222806 | |
| | | | Inv No.15310/30.03.22 | 85082 | |
| | | | Inv No.8427/11.08.22 | 88143 | |
| | | | Inv No.10791/13.09.22 | 68373 | |
| | | | Inv No.12116/26.09.22 | 10017 | |
| | | | Inv No.15361/31.10.22 | 6155 | |
| | | | Inv No.15727/03.11.22 | 9904 | |
| | | | Inv No.17281/16.11.22 | 7958 | |
| | | | Inv No.18587/24.11.22 | 58361 | |
| | | | ആകെ | 837314/- | |
| 2 | Prf Invno. PRF5710/14.02.22 | 400000 | Inv No.5958/12.7.22 | 64478 | 97581 |

| | | |
|---|---|---|
| | Inv No.5957/12.07.22 | 102099 |
| | Inv No.4993/25.06.22 | 122950 |
| | Inv No.14191/18.10.22 | 12892 |
| | ആകെ | 302419 |

2. മലപ്പുറം ബ്ലോക്ക് പരിധിയിലെ ഡയാലിസിസ് രോഗികൾക്ക് മരുന്ന് വാങ്ങി നൽകൽ (165/22)

അടങ്കൽ-600000/-മെയിന്റനൻസ് ഗ്രാന്റ് -(നോൺ റോഡ്)

ചെലവ്-599972/-രൂപ

ബിൽ നമ്പർ- 48/21-22/02.03.22

മരുന്ന് ലഭ്യമായതിന്റെ വിവരം

| തുക നൽകിയതിന്റെ വിവരം | മരുന്ന് ലഭിച്ചതിന്റെ വിവരം | മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്ന തുക(രൂപ) |
|---|---|---|
| Prf Invno. PRF600/21.02.22<br>തുക 599972/- | Inv No. 3711/5.6.22 -234529 | 365443 |

3. സെക്കണ്ടറി പാലിയേറ്റീവ് യൂണിറ്റ് (21/22)

അടങ്കൽ-600000/-രൂപ ( പൊതുവിഭാഗം സാധാരണ വിഹിതം)

ആകെ ചെലവ്- 599892/-രൂപ

മരുന്ന് വാങ്ങുന്നതിന് KMSCL ന് നൽകിയ തുക- 237484/-

ബിൽ നമ്പർ- 27/21-22/18.12.27-54490, 40/21-22/11.02.22-182994

മരുന്ന് ലഭ്യമായതിന്റെ വിവരം

| തുക നൽകിയതിന്റെ വിവരം | മരുന്ന് ലഭിച്ചതിന്റെ വിവരം | | മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| PRF 3496/23.11.21<br>തുക-54490 | Inv No. 2591/20.5.22 | 23964 | 925 |
| | Inv No.8603/19.08.22 | 7353 | |
| | Inv No.12866/03.10.22 | 22248 | |
| | ആകെ | 53565 | |
| PRF 5075/25.01.22<br>തുക 182994 | Inv No.4408/16.6.22 | 15760 | 157656 |
| | Inv No.13261/17.10.22 | 5303 | |
| | Inv No.11830/21.09.22 | 2803 | |
| | Inv No. 17941/21.11.22 | 1472 | |
| | ആകെ | 25338 | |

അവശേഷിക്കുന്ന തുകയായ 784291/-രൂപയുടെ (162686+ 97581+365443+ 925+157656)മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ

ആയതിന്റെ വിവരം(സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ഉൾപ്പെടെ) പരിശോധനക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 01/27.03.23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 സർക്കാർ ഉത്തരവ് പാലിക്കാതെ സിഡ്കോയിൽ നിന്നും ഫർണ്ണിച്ചർ വാങ്ങി

പ്രൊജക്റ്റ് – സി ഡി പി ഒ ഓഫീസിലേക്ക് ഉപകരണങ്ങൾ വാങ്ങൽ (34/22)
അടങ്കൽ-100000/-രൂപ മെയിന്റനൻസ് ഗ്രാന്റ് – (നോൺ റോഡ്)

ചെലവ്- 79477/-രൂപ BRN21150163022001354407/16.03.22
നിർവ്വഹണോദ്യോഗസ്ഥ- ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ
സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ ജി ഒ (ആർ ടി) 26/2015/SPD തിയതി 28.05.2015, ജി ഒ (ആർ ടി) 10/2021/SPD തിയതി 03.03.2021 എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും അവയുടെ വിലവിവരവും വ്യക്തമാക്കിയിട്ടുണ്ട്.
2021-22 വർഷം മേൽ പ്രൊജക്റ്റ് പ്രകാരം സിഡ്കോയിൽ നിന്ന് വാങ്ങിയ ഉപകരണങ്ങളുടെ വിവരം ( Invoice No. MJRI/21-22 /331/11.03.22) ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | വില (WithoutGST) (രൂപ ) |
|---|---|---|---|
| 1 | Steel Almirah With 4 Fixed Shelves 200x90x480cm | 3 | 37197(12399x3) |
| 2 | Steel Table With One Drawer And One Cupboard 120x60x75cm | 3 | 16398 (5466x3) |
| 3 | Anjiliwood DD Table 120x75x75cm | 1 | 7495 |
| 4 | Steel Visitors Chair With Cushion Seat And Back | 2 | 6264 (3132x2) |

പട്ടികയിലെ ക്രമ നമ്പർ 1 ആയി ചേർത്തിട്ടുള്ള ഉപകരണം വാങ്ങുന്നതിന് മേൽ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയതായി കാണുന്നില്ല. ആയത് സിഡ്കോയിൽ നിന്ന് നേരിട്ട് പർച്ചേസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ള പക്ഷം ബന്ധപ്പെട്ട ഉത്തരവ് പരിശോധനക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/29.03.23) Steel Cabinet With Locker 4 Shelves 198*90*48 Cm എന്ന ഇനം സ്റ്റോക്കിലില്ലാത്തതിനാൽ സിഡ്കോ തന്നെ MSME യൂണിറ്റിൽ നിന്നും 200x90x480cm എന്ന ഇനം സപ്ലൈ ചെയ്യുകയാണ് ഉണ്ടായത് എന്നും സിഡ്കോ സർക്കാർ അംഗീകൃത സ്ഥാപനം ആണെന്നതിന്റെ അടിസ്ഥാനത്തിലാണ് പർച്ചേസ് ചെയ്തത് എന്നുമാണ് അറിയിച്ചത്. ഭാവിയിൽ പദ്ധതി നിർവ്വഹണം നടത്തുമ്പോൾ ഇത്തരം അപാകതകൾ ആവർത്തിക്കില്ലായെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പർച്ചേസ് ചെയ്യുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 സാക്ഷരതാ പ്രേരകിന് ഹോണറേറിയം നൽകിയത് റീഇംബേഴ്സ് ചെയ്ത് കിട്ടിയില്ല

സ.ഉ (സാധാ) 626/21/ത.സ്വ.ഭ.വ തീയതി 26.2.2021 നമ്പർ ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരക്മാർക്ക് 2020 ഡിസംബർ , 2021 ജനവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിലെ ഹോണറേറിയം തുക പിന്നീട് സാക്ഷരതാ മിഷൻ തിരികെ നൽകേണ്ടതാണെന്ന വ്യവസ്ഥയോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത്ഫണ്ടിൽ നിന്ന് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. വൗച്ചർ നമ്പർ 22100012/16.04.2021 പ്രകാരം 22000/- രൂപയും 22100036/20.07.2021 പ്രകാരം 24000/- രൂപയും ഹോണറേറിയമായി മലപ്പുറം ബ്ലോക്കിലെ നോഡൽ പ്രേരക് ആയ ശ്രീമതി സഫിയ.ടി എന്നവർക്ക് നൽകിയിട്ടുണ്ട്. ആയത് റീഇംബേഴ്സ് ചെയ്ത് കിട്ടിയ വിവരം/റീഇംബേഴ്സ് ചെയ്ത് കിട്ടുന്നതിനു സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ 10/29.03.2023 നമ്പർ എൻക്വയറിക്ക് മേൽ തുക നാളിതുവരെയും സാക്ഷരതാ മിഷനിൽ നിന്ന് തിരികെ കിട്ടിയിട്ടില്ലെന്ന് മറുപടി ലഭ്യമാക്കി. കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് തത്കാലം തിരികെ അനുവദിക്കാൻ കഴിയില്ലെന്ന് എ7-0281/22/ കേ.സം.സാ.മി.അ

തിയ്യതി.1.04.2022 അറിയിച്ചതായും ലഭ്യമാകുന്ന മുറക്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതാണെന്നും അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-16 സാക്ഷരതാ പഠിതാക്കൾക്ക് പഠനസഹായം - ഗുഡ് ഇംഗ്ലീഷ്- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ സാക്ഷരതാ പഠിതാക്കൾക്ക് പഠനസഹായം - ഗുഡ് ഇംഗ്ലീഷ് (16/22) എന്ന പ്രൊജക്ട് പ്രകാരം സാക്ഷരതാ മിഷൻ നടത്തി വരുന്ന ഗുഡ് ഇംഗ്ലീഷ് കോഴ്സിന് രജിസ്റ്റർ ചെയ്തിട്ടുള്ള 25 പഠിതാക്കളുടെ കോഴ്സ് ഫീസായി 2000/- രൂപ വീതം 50000/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ഗുഡ് ഇംഗ്ലീഷ് അക്കൗണ്ടിലേക്ക് ( A/c NO. 38444973881- SBI ശാസ്തമംഗലം) വികസന ഫണ്ടിൽ നിന്ന് ബിൽ നമ്പർ 04/21-22 തി.14.06.2021 പ്രകാരം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ രസീതി, രജിസ്റ്റർ ചെയ്ത 25 പഠിതാക്കളും കോഴ്സ് പൂർത്തിയാക്കിയതിന്റെ വിവരം എന്നിവ ഫയലിൽ ലഭ്യമല്ല. തുക കൈപ്പറ്റിയതിന്റെ രസീതി, പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതു സംബന്ധിച്ച വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 11/29.03.2023 ഓഡിറ്റ് എൻക്വയറിക്ക് 25 പഠിതാക്കളും കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളതാണെന്ന മലപ്പുറം ജില്ലാ സാക്ഷരതാ മിഷൻ കോ-ഓർഡിനേറ്ററുടെ സാക്ഷ്യപത്രം ഹാജരാക്കി. എന്നാൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ രസീതി, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 50000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-17 വിവിധ അങ്കണവാടി നിർമ്മാണത്തിന് വിഹിതം നൽകൽ- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതി പ്രകാരം ഒരു അങ്കണവാടിയുടെ നിർമ്മാണത്തിന് 200000/- രൂപ വീതം 3 അങ്കണവാടികൾക്കായി ( ചാഞ്ഞാർ- കോഡൂർ ഗ്രാമ പഞ്ചായത്ത്, പുളിയാട്ടുകളം- കോഡൂർ ഗ്രാമ പഞ്ചായത്ത്, പാലേക്കോട്- മൊറയൂർ ഗ്രാമ പഞ്ചായത്ത്) 600000/- രൂപ MGNREGS മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ( തിരുവനന്തപുരം ജില്ലാ ട്രഷറി A/C 799011400000486) ചുവടെ ചേർത്തിരിക്കുന്ന പ്രകാരം നൽകിയിട്ടുണ്ട്.

| | |
|---|---|
| പദ്ധതി | വിവിധ അങ്കണവാടി നിർമ്മാണത്തിന് വിഹിതം നൽകൽ- 10/22 |
| അടങ്കൽ | 600000 (വികസന ഫണ്ട്-ജനറൽ )+ 1500000 (കേന്ദ്രാവിഷ്കൃതം) +600000 (മറ്റ് ഗ്രാമപഞ്ചായത്ത്) |
| ചെലവ് | 600000 (വികസന ഫണ്ട്-ജനറൽ ) ബി.നം.38/21-22/23.02.2022 |
| നിർവ്വഹണം | സെക്രട്ടറി |

(12/29.03.2022 നമ്പർ എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.)

പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. 600000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-18 ഡയറി എക്സ്റ്റൻഷൻ ഓഫീസിലേക്ക് ഉപകരണങ്ങൾ- വാങ്ങൽ നടപടിക്രമം പാലിച്ചില്ല

| | |
|---|---|
| പദ്ധതി | ഡയറി എക്സ്റ്റൻഷൻ ഓഫീസിലേക്ക് ഉപകരണങ്ങൾ വാങ്ങൽ 49/22 |
| ചെലവ് | 60000/- (റോഡിതരം) 19/21-22/26.03.2022 |
| നിർവ്വഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

മേൽ പദ്ധതി പ്രകാരം ഡയറി എക്സ്റ്റൻഷൻ ഓഫീസിലേക്ക് പ്രിന്റർ, ഓഫീസ് ടേബിൾ, ഇൻവർട്ടർ, ബാറ്ററി എന്നിവ

ക്വട്ടേഷൻ വഴിയാണ് വാങ്ങിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/തുക(രൂപ) | ഇനം | സ്ഥാപനം |
|---|---|---|
| MD/21-22/R/00006/24.03.22- 24880/- | പ്രിന്റർ, ഓഫീസ് ടേബിൾ | MIDF Designs |
| MD/21-22/R/00007/25.03.22- 486/- | പവർ എക്സ്റ്റൻഷൻ കോഡ് | MIDF Designs |
| MA/21-22/R/01112/24.03.2022-34634/- | ഇൻവർട്ടർ , ബാറ്ററി | MA Trading Company |

ജി ഒ (പി ) നം. 10/2019/ എസ് പി ഡി തീയ്യതി 22.08.2019 , ഗവ.സർക്കുലർ നം. ഐ ടി സെൽ 1/26/2019/ വി സ വ തീയ്യതി 18.03.19 എന്നിവ പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ CPRCS ഓൺലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതുപോലെ 25000 രൂപയിൽ അധികമായ വാങ്ങലുകൾ GEM പോർട്ടൽ മുഖേന നടത്തേണ്ടതാണെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. അത് മുഖേന ലഭ്യമല്ലാത്ത പക്ഷം പ്രൊക്വയർമെന്റ് മാനുവൽ പ്രകാരം ടെൻഡർ നടപടിക്രമങ്ങൾ കർശനമായി പാലിച്ച് വാങ്ങാവുന്നതാണ്.

എന്നാൽ മേൽ നിർദേശങ്ങൾക്ക് വിരുദ്ധമായി ക്വട്ടേഷൻ മുഖേന ഉപകരണങ്ങൾ വാങ്ങിയത് ക്രമപ്രകാരമല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 14/29.03.2023 നമ്പർ എൻക്വയറിക്ക്, ID ലഭ്യമാകാൻ താമസം നേരിട്ടതിനാലും ഉപകരണങ്ങൾ ഓഫീസിലേക്ക് അത്യാവശ്യവുമായതിനാലുമാണ് ക്വട്ടേഷൻ മുഖേന സാധനങ്ങൾ വാങ്ങിയതെന്നും മേലിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കി. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചും Procurement മാനുവൽ പ്രകാരമുള്ള നടപടിക്രമങ്ങൾ കർശനമായി പാലിച്ചും പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ -വിവിധ പദ്ധതികൾ- വിനിയോഗ വിവരം ലഭ്യമല്ല

2021-22 വർഷം വിവിധ പ്രോജക്ടുകളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ചുവടെ ചേർത്ത ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം കൈമാറിയിട്ടുണ്ട്. വിഹിതം ലഭിച്ച സ്ഥാപനങ്ങൾ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ | ചെലവ്, വൌച്ചർ നമ്പർ, തീയതി | തുക ലഭിച്ച സ്ഥാപനം |
|---|---|---|---|---|
| 1 | 145/22, പിലാച്ചിക്കുളം പുനരുദ്ധാരണം- പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | ₹700000 ധനകാര്യകമ്മീഷൻ അവാർഡ് | ₹700000 XVFC/21-22/P/30/25-3-22 | പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് |
| 2 | 71/22,പള്ളിപ്പടി മണ്ണയി റോഡിന് അഴുക്കുചാൽ നിർമ്മാണം – ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | ₹250000/- ധനകാര്യകമ്മീഷൻ അവാർഡ് | ₹250000/- XVFC/2021-22 /P/13/10.03.2022 | പൊൻമള ഗ്രാമപഞ്ചായത്ത് |
| 3 | 70/22,പള്ളിപ്പുറം ചിറനവീകരണം ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | ₹750000 ധനകാര്യകമ്മീഷൻ അവാർഡ് | ₹750000 XVFC/21-22/P/9/5-3-22 | ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് |
| 4 | 170/22,ലക്ഷം വീട്- ഇരട്ടവീട് ഒറ്റവീടാക്കൽ മൊറയൂർ ഗ്രാമപഞ്ചായത്തിന് വിഹിതം | ₹400000 വികസന ഫണ്ട്, ജനറൽ | ₹400000 ബി.നം.44/21-22/ 17-3-22 | മൊറയൂർ ഗ്രാമപഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | നൽകൽ | | | |
| 5 | 8/22,ആശ്രയ പദ്ധതി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | ₹1,00,000<br>വികസന ഫണ്ട്, ജനറൽ | ₹50000- 37/21-22/11-2-22<br>₹50000- BRN: 2011510001210146/20.01.2022 | കോഡൂർ ഗ്രാമപഞ്ചായത്ത്- ₹50000<br>ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത്- ₹50000 |
| | ആകെ | 22,00,000 | | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 22,00,000 രൂപ തടസ്സം ചെയ്യുന്നു.

(15/29.03.2023 ന് മറുപടി ലഭിച്ചില്ല)

## 1-20 നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ തുക നൽകിയത് - പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരവും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, താഴെ പട്ടികയിൽ കൊടുത്ത പ്രവൃത്തികൾക്കായി ഓഡിറ്റ് വർഷം തുകകൾ മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ബിൽ/ ചെക്ക് നം, തീയ്യതി | മുൻകൂർ നല്കിയ തുക (₹) |
|---|---|---|---|
| കെ.ഡബ്ല്യൂ.എ | 148/22 കൈപ്പറ്റ കുടിവെള്ള പദ്ധതി (ഒതുക്കുങ്ങൽ GP) പുനരുദ്ധാരണം | XVFC/2021-22/P/3 Dt 24.01.22 | 25,00,000 ( ധനകാര്യകമ്മീഷൻ അവാർഡ്) |
| കെ.ഡബ്ല്യൂ.എ | 72/22 ആനക്കയം GP ആനക്കയം കുടിവെള്ള പദ്ധതി – പൈപ്പ് ലൈൻ നീട്ടൽ | XVFC/2021-22/P/4 Dt 03.02.22 | 1,30,000 ( ധനകാര്യകമ്മീഷൻ അവാർഡ്) |
| കെ.ഡബ്ല്യൂ.എ | 132/22 ഒതുക്കുങ്ങൽ പൊൻമല കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ നീട്ടൽ | XVFC/2021-22/P/8 Dt 16.02.22 | 5,00,000 ( ധനകാര്യകമ്മീഷൻ അവാർഡ്) |
| കെ.എസ്.ഇ.ബി | 134/22 മണ്ണഴി എസ് സി കോളനിയിലൂടെയുള്ള 11 KV ലൈൻ മാറ്റി സ്ഥാപിക്കൽ | 2115016300 0601102064 Dt 10.02.22 | 296661 (എസ്.സി.പി) |
| കെ.എസ്.ഇ.ബി | 159/22 പൂക്കോട്ടൂർ പി എച്ച് സിയിൽ ട്രാൻഫോർമർ സ്ഥാപിക്കൽ | 2115016300 060146484 Dt25.03.22 | 546073 (MG റോഡിതരം) |
| | | ആകെ | 3972734 |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, ധന വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയ ഫയലുകളിൽ ചേർത്ത് വച്ചിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 39,72,734/- തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി 18/30.03.2023 ന് മറുപടി ലഭിച്ചില്ല)

## 1-21 ബ്ലോക്ക് പഞ്ചായത്ത് വാഹനത്തിന്റെ ടയർ മാറ്റൽ - കാലതാമസം

മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനമായ KL-10-AV-5436 നമ്പർ വാഹനത്തിന്റെ 2 ടയറുകൾ മാറ്റിയതിനായി 7932 രൂപ ചെലവഴിച്ചിട്ടുണ്ട് (ചെ.നം.XY-2125624/14.09.2021, ഇൻവോയ്സ് നം. 443/04.08.2021- CARGO TYRE & CARE Malappuram). വാഹനത്തിന്റെ 2 ടയറുകൾ കേടായതിനാൽ പുതിയ ടയറുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 14.01.2020 ന് ഡ്രൈവർ ശ്രീ.അബ്ദുൽ നാസർ അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന്, വാഹനം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,പി. ഡബ്ല്യൂ. ഡി, മെക്കാനിക്കൽ സബ് ഡിവിഷൻ കോഴിക്കോട് പരിശോധിച്ച് വാഹനത്തിന്റെ 2 ടയറുകൾ മാറ്റുന്നതിന് D2/5436/BPT Dtd. 18.05.2020 നമ്പർ Essentiality Certificate നൽകിയിട്ടുണ്ട്. 2 ടയറുകൾക്കായി ക്വട്ടേഷൻ ക്ഷണിച്ചതായും, മൂന്ന് ക്വട്ടേഷൻ ലഭിച്ചതായും, ആയതിൽ ഏറ്റവും കുറഞ്ഞ തുകയായ 7932 രൂപ ക്വാട്ട് ചെയ്ത CARGO TYRE &

CARE Malappuram എന്നിവരുടെ ക്വട്ടേഷൻ സ്വീകരിച്ച് സപ്ലൈ ഓർഡർ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇൻവോയ്സ് നം. 443/04.08.2021- CARGO TYRE & CARE MAlappuram പ്രകാരം ടയർ മാറ്റിയതായും, ചെലവ് 12.08.21 ലെ 3(1) തീരുമാനം പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചതായും സെക്രട്ടറിയുടെ പ്രൊസീഡിംഗ്സ് നം. D696/18 Dt.27.8.2021 രേഖപ്പെടുത്തിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1).ക്വട്ടേഷൻ നടപടികളുടെ രേഖകൾ (ക്വട്ടേഷൻ നോട്ടീസ്, ലഭിച്ച ക്വട്ടേഷൻ , കംപാരറ്റീവ് സ്റ്റേറ്റ്മെന്റ്) ഫയലിൽ ചേർത്ത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ 12.08.21 ലെ 3(1) തീരുമാനം പ്രകാരം ഈ ചെലവ് അംഗീകരിച്ചതായി കണ്ടിട്ടില്ല.

3). വാഹനത്തിന്റെ 2 ടയറുകൾ മാറ്റുന്നതിന് Essentiality Certificate ലഭിച്ച ശേഷം പുതിയ ടയറുകൾ സ്ഥാപിച്ചത് 04.08.2021 (1 വർഷം 2 മാസം 18 ദിവസം കഴിഞ്ഞ്) ന് മാത്രമാണ്. കേടായ ടയർ ഉപയോഗിച്ച് ഒരു വർഷത്തിലധികം വാഹനം ഓടിയിട്ടുണ്ട്.

ക്വട്ടേഷൻ നടപടികളുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കാനും ക്രമ നമ്പർ 2,3 അപാകതകൾക്ക് വിശദീകരണം നൽകാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 20/30.03.2023 നൽകിയതിനെ തുടർന്ന് ക്വട്ടേഷൻ രേഖകൾ ഹാജരാക്കി. 18-05-2020ന് Essentiality Certificate ലഭ്യമായിട്ടും 15-07-2021നാണ് ക്വട്ടേഷൻ നോട്ടീസ് തയ്യാറാക്കിയത്. ടയർ വാങ്ങിയതിന്റെ ചെലവ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സിൽ ഉൾപ്പെടുത്താത്തത് വീഴ്ചയായി കാണുന്നു എന്നും അടുത്ത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ സാധൂകരണം വാങ്ങുന്നതാണെന്നും മറുപടി ലഭ്യമാക്കി. കൂടാതെ Essentiality Certificate ലഭിക്കുന്നതിന് താമസം നേരിടുമെന്ന് ധാരണയിൽ അപേക്ഷ നേരത്തെ സമർപ്പിക്കുകയും അതുപ്രകാരം സർട്ടിഫിക്കറ്റ് നേരത്തെ ലഭ്യമാവുകയും ചെയ്തതാണ് ഇടവേളക്ക് കാരണമായതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല.

അടിയന്തിര പ്രാധാന്യത്തോടെ നടപടി എടുക്കേണ്ട വിഷയത്തിൽ ഇത്ര കാലതാമസം വരുത്തിയത് വീഴ്ചയാണ്. ഭാവിയിൽ വന്നേക്കാവുന്ന ആവശ്യകത മുൻകൂട്ടി കണ്ട് ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നത് അഭിലഷണീയമല്ല. മാത്രമല്ല വാഹന ഡ്രൈവറുടെ അപേക്ഷ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,പി. ഡബ്ല്യൂ. ഡി, മെക്കാനിക്കൽ സബ് ഡിവിഷൻ കോഴിക്കോടിന്റെ സാക്ഷ്യപത്രം എന്നിവയും സംശയാസ്പദമാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 വൗച്ചർ സൂക്ഷിപ്പിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 10 പ്രകാരം പഞ്ചായത്തിന്റെ ഓരോ ധനകാര്യ ഇടപാടും ഒരു വൗച്ചറിൽ രേഖപ്പെടുത്തേണ്ടതും ഇടപാടിന്റെ സ്വഭാവം അനുസരിച്ച് വൗച്ചറുകൾ തരം തിരിക്കേണ്ടതുമാണ്. എല്ലാ വൗച്ചറുകളും അക്കൗണ്ടന്റോ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിലോ തയ്യാറാക്കേണ്ടതാണ്. കൂടാതെ ഓരോ ധനകാര്യ ഇടപാടിനെയും അധികാരപ്പെടുത്തുന്ന രേഖകളുടെ ഉപരിപത്രമായിട്ടായിരിക്കണം വൗച്ചറുകൾ ഉപയോഗിക്കേണ്ടത്. ഓരോ തരം വൗച്ചറുകൾക്കും പ്രത്യേകം ക്രമ നമ്പറുകൾ നൽകേണ്ടതും ഓരോ വർഷവും വൗച്ചറുകളുടെ ക്രമ നമ്പറുകൾ പുതുതായി ആരംഭിക്കേണ്ടതും ക്രമ നമ്പർ തുടർച്ചക്കുവേണ്ടി ഓരോ തരം വൗച്ചറുകൾക്കും ഓരോ ക്രമ നമ്പർ ലിസ്റ്റ് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ 2021-22 വർഷത്തെ തനതു ഫണ്ട് വൗച്ചറുകൾ സൂക്ഷിക്കുന്നതിൽ ചട്ട പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന് കാണുന്നു.

1). ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല.

2011 ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 19, ഉപചട്ടങ്ങൾ പ്രകാരം വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിക്കുന്നത് യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ദിവസങ്ങൾക്കുശേഷമാണ് അക്കൗണ്ട് ചെയ്യപ്പെടുന്നത്. ഇത് ഒരു ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ചെക്ക് നമ്പർ XY-2125609/ 01.06.2021 പ്രകാരമുള്ള 214667/- രൂപയുടെ ചെലവുകൾ അക്കൗണ്ട് ചെയ്തിട്ടുള്ളത് 22100066 മുതൽ 22100086 വരെയുള്ള വൗച്ചറുകൾ പ്രകാരം 03.07.2021 നാണ്.

ചെക്ക് നമ്പർ XY-2125606/ 03.05.2021 പ്രകാരമുള്ള 129000/- രൂപയുടെ ചെലവുകൾ അക്കൗണ്ട് ചെയ്തിട്ടുള്ളത് 22100022 മുതൽ 22100025 വരെയുള്ള വൗച്ചറുകൾ പ്രകാരം 28.06.2021 നാണ്.

ചെക്ക് നമ്പർ XY-2125607/ 06.05.2021 പ്രകാരമുള്ള 168094/- രൂപയുടെ ചെലവുകൾ അക്കൗണ്ട് ചെയ്തിട്ടുള്ളത് 22100030 മുതൽ 22100065 വരെയുള്ള വൗച്ചറുകൾ പ്രകാരം 02.07.2021 നാണ്.

2). വൗച്ചറുകൾക്ക് തുടർച്ചയായ ക്രമ നമ്പർ നൽകുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

ചെക്ക് നമ്പർ XY-2125613/ 01.07.2021 പ്രകാരമുള്ള 207500/- രൂപയുടെ ചെലവുകൾ അക്കൗണ്ട് ചെയ്തിട്ടുള്ള02.07.2021 ലെ വൗച്ചറുകൾക്ക് 22100088 മുതൽ 22100095 വരെയുള്ള (22100089 ഒഴികെ) നമ്പറുകൾ നൽകിയിട്ടുണ്ട്. ഇതിന് ശേഷം അടുത്ത വൗച്ചറിന് നമ്പർ 22100100 എന്നാണ് നല്കിയത്. 22100096 മുതൽ 22100099 വരെയുള്ള നമ്പറുകളിൽ വൗച്ചർ ഇല്ല.

3). ഓരോ ധനകാര്യ ഇടപാടിനെയും അധികാരപ്പെടുത്തുന്ന രേഖകളുടെ ഉപരിപത്രമായി വൗച്ചറുകൾ ചേർത്തുവയ്ക്കേണ്ടതാണെങ്കിലും 08/2021 മുതൽ 03/2022 വരെയുള്ള മാസങ്ങളിലെ ചെലവ് രേഖകളുടെ ഉപരിപത്രമായി

വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
(21/30.03.2023 ന് മറുപടി ലഭിച്ചില്ല)

## 1-23 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തി - ഓവർ ഹെഡ് ചാർജ്ജ് കുറച്ചിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ ഓവർ ഹെഡ് ചാർജ്ജിനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 5% തുക കുറവ് ചെയ്യാതെ കൺവീനർക്ക് തുക നൽകിയത് വഴി 27654 രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികമായി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ്, വാറ്റ് നിർത്തലാക്കുന്നതിന് മുമ്പ്, കൺവീനർക്ക് തുക നൽകിയിരുന്നത്. നിലവിൽ വാറ്റ് അടവാക്കേണ്ടാത്തതിനാൽ, ഇത്തരത്തിൽ ഗുണഭോക്തൃ സമിതിക്ക് അനർഹമായി തുക അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 5% തുക ഒഴിവാക്കിയാണ് കൺവീനർമാർക്ക് ബിൽ തുക അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഈ പ്രവൃത്തിയുടെ ബില്ലിൽ നിന്ന് വാറ്റ് ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്തിട്ടില്ല. ഇത് കാരണമാണ് അധിക തുക നൽകാനിടയായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം (രൂപ) | ഈടാക്കേണ്ടിയിരുന്ന തുക (രൂപ) | ഈടാക്കിയ തുക (രൂപ) | ബാക്കി (രൂപ) |
|---|---|---|---|---|
| ചെമ്മങ്കടവ് ജി.എം.യു.പി.സ്കൂളിന് ശുചി മുറി (150/22)<br>ചെലവ്- 665920 (CFC) വൗച്ചർ നമ്പർ.XVFC/2021-22/P/47 Dt.31.3.2022<br>കരാർ 26/AE/27.1.2022<br>കൺവീനർ . അബ്ദുൾ ലത്തീഫ്.പി (H.M)<br>അളവ് പുസ്തകം 93/20-21<br>കോസ്റ്റ് ഇൻഡക്സ് 36.44% | 594571.40 | 27654.48 (594571.40 X 5/107.5) | 0 | 27654.48 |
| ആകെ | | | | 27654 |

അപാകത കാരണം അധികച്ചെലവ് വന്ന തുക പ്രവൃത്തിയുടെ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.പ്രസ്തുത തുക ഈടാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 16/29-03-2023. മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-24 റോഡ് നിർമ്മാണം- മണ്ണ് കിളച്ചെടുക്കൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മുട്ടിപ്പാലം-മേൽമുറി റോഡ് റീ ടാറിംഗ് ഡ്രൈനേജ് നിർമ്മാണം (149/22) എന്ന പ്രവൃത്തിയുടെ ഇനം 1 ആയി റോഡിന്റെ വശങ്ങളിൽ നിന്നും മണ്ണ് കിളച്ചെടുത്തതിനും ഐറിഷ് ഡ്രൈൻ നിർമ്മിക്കുന്നതിന് മണ്ണ് കിളച്ച് മാറ്റിയതിനും MoRD സ്പെസിഫിക്കേഷൻ കോഡ് 3.5.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് മാന്വലായി (Excavation For Road Way In Soil Using Manual Means) പ്രവൃത്തി ചെയ്യുന്നതിനുള്ള നിരക്കാണ്. ഈ പ്രവൃത്തി താഴെ കൊടുത്ത പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്.

| എം.ബുക്ക് പേജ് (74/20-21) | നിർവ്വഹിച്ച അളവ് | നീളം | വീതി (ശരാശരി) | കനം |
|---|---|---|---|---|
| 1 (റോഡ് സൈഡ് കട്ടിംഗ്) | 122.15 M3 | 161.75 മീറ്റർ | 1-1.05 മീറ്റർ | 0.80 മീറ്റർ |
| 7 (ഐറിഷ് | 51.44 M3 | 122.78 | 0.75 – 2.05 | 0.25 |

| | | | | |
|---|---|---|---|---|
| ഡ്രൈൻ) | | മീറ്റർ | മീറ്റർ | മീറ്റർ |

മേൽ പ്രവൃത്തിയിൽ റോഡ് സൈഡ് കട്ടിംഗ് പ്രവൃത്തി യന്ത്ര സഹായത്തോടെ (Mechanical Means) ചെയ്യാവുന്ന പ്രവൃത്തിയാണ്. യന്ത്ര സഹായത്തോടെ (Mechanical Means) ചെയ്യുന്നതിന് 64.45/$m^3$ (കോഡ് നമ്പർ 3.5.2) മാത്രമാണ് ചെലവ് വരുന്നത്. അപ്രകാരം ചെയ്യാതെ മാനുവലായി ചെയ്തതിന് എസ്റ്റിമേറ്റിൽ പ്രത്യേക കാരണമൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഈ അപാകത കാരണം ബ്ലോക്ക് പഞ്ചായത്തിന് 27037 രൂപ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-25 ഇലക്ട്രിക്കൽ പ്രവൃത്തി നടത്തിപ്പ് - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇലക്ട്രിക്കൽ പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സ.ഉ (സാ.ധാ) നം 2878/2015/ തസ്വഭവ തി.22.09.2015 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നു.

1). തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്തുനടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും PWD, KSEB എന്നിവിടങ്ങളിൽ നിന്ന് വിരമിച്ച യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ LSGD എക്സി .എഞ്ചിനീയർ തയ്യാറാക്കേണ്ടതാണ്

2). ഈ പാനലിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവ പ്രസ്തുത എഞ്ചിനീയറുടെ ഉത്തരവാദിത്തമായിരിക്കും. പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ 3% ൽ കവിയാത്ത തുക പ്രതിഫലമായി എഞ്ചിനീയർക്ക് നൽകാവുന്നതുമാണ്.

3). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി, വർക്കുകളുടെ ചെക്ക് മെഷർമെന്റ് എന്നിവ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയർ കൺവീനറായി മൂന്നിൽ കുറയാതെയുള്ള PWD, KSEB എന്നിവിടങ്ങളിൽ നിന്ന് വിരമിച്ച യോഗ്യരായ എഞ്ചിനീയർമാർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്.

4). പ്രസ്തുത കമ്മിറ്റിയിലെ ഇലക്ട്രിക്കൽ എഞ്ചിനീയർമാർ പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തേണ്ടതും പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തേണ്ടതുമാണ്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സി.എഞ്ചിനീയർ സാങ്കേതിക അനുമതി നൽകേണ്ടതും ബില്ലിന് അനുമതി നൽകേണ്ടതുമാണ്. പാനൽ അംഗങ്ങൾക്ക് എസ്റ്റിമേറ്റിന്റെ 1% പ്രതിഫലമായി നൽകാവുന്നതുമാണ്. ഇപ്രകാരം പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങേണ്ടതുമാണ്.

2021- 22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ഇലക്ട്രിക്കൽ പ്രവൃത്തിയുടെ വിവരം താഴെ നൽകുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കുറിപ്പ് |
|---|---|---|---|
| 1 | വയറിംഗ് (അങ്കണവാടികൾ) 111/22 (116/21) | 185016/-രൂപ (BRN211501630223005826O6/ 28.10.2021) | പ്രവൃത്തി നടത്തിപ്പ്, സാങ്കേതികാനുമതി, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കുള്ള ഫീസ് ₹ 10979 ശ്രീ അലി കുന്നത്ത് എന്നയാളുടെ അക്കൗണ്ടിലേക്ക് നൽകി. |

പ്രവൃത്തി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

- ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം എഞ്ചിനീയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.
- പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവക്കുള്ള 3%, പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള 1% ഓണറേറിയവും ഉൾപ്പെടെ 4% തുക സാങ്കേതികാനുമതി നൽകുന്നതിനുള്ള പാനലിൽ ഉൾപ്പെട്ട ശ്രീ അലി കുന്നത്ത് എന്നയാളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്.

എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക, പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക ഉടങ്ങി ഒരു പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും സാങ്കേതികാനുമതിക്കായുള്ള പാനൽ തന്നെയാണ് നിർവഹിക്കുന്നത് എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവഹണം നടത്തുന്ന ഉദ്യോഗസ്ഥർ തന്നെ സാങ്കേതികാനുമതിയും ചെക്ക്

മെഷർമെന്റും നടത്തുന്ന എന്നത് പദ്ധതി നടത്തിപ്പിന്റെ സുതാര്യതയെ ഇല്ലാതാക്കുന്നുണ്ട്. കൂടാതെ നിർവഹണോദ്യോഗസ്ഥനായ എഞ്ചിനീയർ താൻ നിർവഹണം നടത്തുന്ന പ്രൊജക്ടുകൾക്ക് ഒരു കാരണവശാലും അംഗീകാരമോ സാങ്കേതികാനുമതിയോ നൽകാൻ പാടില്ല എന്നും പദ്ധതി മാർഗ്ഗരേഖ GO (MS) 17/2018/LSGD Dt 02.02.2018 ഖണ്ഡിക 3.8.2.v (4) ൽ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയും, സുതാര്യമായ രീതിയിലല്ലാതെയും ഇലക്ട്രിക്കൽ പ്രവൃത്തി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

(ഓഡിറ്റ് എൻക്വയറി നം.17/29.3.2023. മറുപടി ലഭ്യമാക്കിയിട്ടില്ല)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് നിർമ്മാണം- മണ്ണ് കിളച്ചെടുക്കൽ പ്രവൃത്തിക്ക് 27037 രൂപ അധികച്ചെലവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മുട്ടിപ്പാലം-മേൽമുറി റോഡ് റീ ടാറിംഗ് ഡ്രൈനേജ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഇനം 1 ആയി റോഡിന്റെ വശങ്ങളിൽ നിന്നും മണ്ണ് കിളച്ചെടുത്തതിനും ഐറിഷ് ഡ്രൈൻ നിർമ്മിക്കുന്നതിന് മണ്ണ് കിളച്ച് മാറ്റിയതിനും MoRD സ്പെസിഫിക്കേഷൻ കോഡ് 3.5.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് മാനുവലായി (Excavation For Road Way In Soil Using Manual Means) പ്രവൃത്തി ചെയ്യുന്നതിനുള്ള നിരക്കാണ്. ഈ പ്രവൃത്തി താഴെ കൊടുത്ത പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്.

| എം.ബുക്ക് പേജ് (74/20-21) | നിർവ്വഹിച്ച അളവ് | നീളം | വീതി (ശരാശരി) | കനം |
|---|---|---|---|---|
| 1 (റോഡ് സൈഡ് കട്ടിംഗ്) | 122.15 M3 | 161.75മീറ്റർ | 1-1.05 മീറ്റർ | 0.80മീറ്റർ |
| 7 (ഐറിംഷ് ഡ്രൈനിന്) | 51.44 M3 | 122.78മീറ്റർ | 0.75 – 2.05മീറ്റർ | 0.25മീറ്റർ |

മേൽ പ്രവൃത്തിയിൽ റോഡ് സൈഡ് കട്ടിംഗ് പ്രവൃത്തി യന്ത്ര സഹായത്തോടെ (Mechanical Means) ചെയ്യാവുന്ന പ്രവൃത്തിയാണ്. യന്ത്ര സഹായത്തോടെ (Mechanical Means) ചെയ്യുന്നതിന് 64.45/$m^3$ (കോഡ് നമ്പർ 3.5.2) മാത്രമാണ് ചെലവ് വരുന്നത്. അപ്രകാരം ചെയ്യാതെ മാനുവലായി ചെയ്തതിന് എസ്റ്റിമേറ്റിൽ പ്രത്യേക കാരണമൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഈ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് 27037 രൂപ അധിക ചെലവ് വരുത്തിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | നൽകിയ തുക<br>(കോഡ് 3.5.1) | നൽകാവുന്ന തുക (കോഡ് 3.5.1 &3.5.2) | അധികം<br>(12% GST അടക്കം) |
|---|---|---|---|
| മുട്ടിപ്പാലം-റോഡ് റീ ടാറിംഗ് ഡ്രൈനേജ് നിർമ്മാണം ( പ്രൊജക്ട് 149/22)<br><br>ചെലവ്-<br>92210 രൂപ (പ്ലാൻ ഫണ്ട്)<br>BRN<br>2115016302230128476/26-02-2022<br>6750000 (CFC)<br>വൗച്ചർ.XVFC/2021-22/P28 Dt. 21.2.2022 | 43458.22<br>173.59m3 Ltd To 164.808x263.69/m3<br>എസ്റ്റിമേറ്റ് നിരക്ക്<br>@360.73/$m^3$ | 19318.48<br><br>122.15x(64.45x73.09/100)/$m^3$ =5754.48(എസ്റ്റിമേറ്റ് റേറ്റിന്റെ 26.91% കുറവാണ് കരാറുകാരൻ ക്വാട്ട് ചെയ്തത്)<br>51.44x263.69/$m^3$=13564<br>(ടി അളവിന് എസ്റ്റിമേറ്റിൽ അംഗീകരിച്ച/അനുവദിച്ച നിരക്ക് അംഗീകരിച്ചു )<br>(5754.48 +13564 =19318.48) | 43458.22-19318.48=24139.74<br>X112%=27036.51 |

| | | | | |
|---|---|---|---|---|
| സാങ്കേതികാനുമതി 65276/2021-2022<br>കരാർ 14/AE/19.1.2022 , Item Rate. 685008.87 (26.91% കുറവ്)<br>കോൺട്രാക്ടർ-പി.എം.അബ്ദുൾ കരീം<br>അളവ് പുസ്തകം 74/20-21<br>കോസ്റ്റ് ഇൻഡക്സ് 36.44%. | | (ലിമിറ്റ് ചെയ്ത ക്വാണ്ടിറ്റി 8.782m$^3$ഉൾപ്പെടെ)<br>3.5.2 പ്രകാരമുള്ള നിരക്ക് @64.45/m$^3$ | | |

മേൽ അപാകത കാരണം അധികച്ചെലവ് വന്ന 27037 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ തുല്യമായ ബാധ്യതയായി നിജപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ 19/30.3.2023. മറുപടി ലഭ്യമാക്കിയിട്ടില്ല)

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ബിൽ/ ചെക്ക് നം, തീയ്യതി | മുൻകൂർ നല്കിയ തുക (₹) | ചെലവഴിച്ച തുക (₹) | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | 148/22 ഒതുക്കുങ്ങൽ GP കൈപ്പറ്റ DWS | XVFC/2021-22/P/3 Dt 24.01.22 | 25,00,000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 25,00,000 |
| കെ.ഡബ്ല്യൂ.എ | 72/22 ആനക്കയം GP ആനക്കയംDWS | XVFC/2021-22/P/4 Dt 03.02.22 | 1,30,000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1,30,000 |
| കെ.ഡബ്ല്യൂ.എ | 132/22 ഒതുക്കുങ്ങൽ പൊൻമള DWS പൈപ്പ് ലൈൻ നീട്ടൽ | XVFC/2021-22/P/8 Dt 16.02.22 | 5,00,000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 5,00,000 |
| കെ.എസ്.ഇ.ബി | 134/22 മണ്ണഴി എസ് സി കോളനിയിലൂടെയുള്ള 11 KV ലൈൻ മാറ്റി സ്ഥാപിക്കൽ | 2115016300 0601102064 Dt 10.02.22 | 296661 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 296661 |
| കെ.എസ്.ഇ.ബി | 159/22 പൂക്കോട്ടൂർ പി എച് സിയിൽ ട്രാൻഫോർമർ സ്ഥാപിക്കൽ | 2115016300 060146484 Dt25.03.22 | 546073 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 546073 |

| | ആകെ | | 3972734 | | | 3972734 |
|---|---|---|---|---|---|---|

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 40 | 2001-02 | V.10.1(1) | വാട്ടർ ഫിൽട്ടർ സ്ഥാപിക്കൽ | നടപടികൾ തുടരുന്നു |
| 2013-14 | 3(1) | 2014-15 | 4-1-5 | നിഷ്ക്രിയ ആസ്തികളുടെ അവലോകനം | നടപടികൾ തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2004-05 | 2-4, 2-5 | ശ്രീ. സി.പി സുകുമാരൻ, | LF19445/spl.cell /SC5/09 /28-06-10 | 36547/- | -- | -- | -- | -- | -- | 36547/- |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2000-01 | 2-13 | ശ്രീ. പി.കെ മോയിൻകുട്ടി, സെക്രട്ടറി, ഗ്രാമവികസന | LF17165/spl.cell /SC-5/08 /21-06-10 | 20956/- | -- | -- | -- | -- | -_ | 20956/- |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | വകുപ്പ്. | | | | | | | | |
| 2 | 2000-01 | 2-22 | ശ്രീ. ജി ബാബുകുമാർ, സെക്രട്ടറി, ഗ്രാമവികസന വകുപ്പ്. | LF17165/spl.cell /SC-5/08 /21-06-10 | 38218/- | -- | -- | -- | -- | -- | 38218/- |

തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77837551 (മുന്നിരിപ്പ് ഉൾപ്പെടെ ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72699731 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27037 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 68,22,734 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 13519 | മിനിമോൾ.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | 13518 | മുജീബ് റഹിമാൻ.പി.എം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 27037 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 50,000 | ശ്രീമതി ഫത്തീല, സെക്രട്ടറി |
| 1-17 | 6,00,000 | ശ്രീ.അബ്ദുൽ മജീദ്, സെക്രട്ടറി |
| 1-19 | 22,00,000 | ശ്രീ.അബ്ദുൽ മജീദ്, സെക്രട്ടറി |
| 1-20 | 39,72,734 | ശ്രീ.അബ്ദുൽ മജീദ്, സെക്രട്ടറി |
| ആകെ | 68,22,734 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| മിനിമോൾ.എൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് | മിന്നാരം വീട്<br>താഴ്വാരം<br>കുന്നമ്മൽ.പി.ഒ<br>മലപ്പുറം<br>676505 |
| മുജീബ് റഹിമാൻ.പി.എം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | പിച്ചെൻ മഠത്തിൽ<br>വെസ്റ്റ് കോഡൂർ<br>പി.ഒ.കോഡൂർ<br>മലപ്പുറം<br>676504 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | 2000-01 | എൽ.എഫ്.എം.4/1078/12 തി.15.06.2012 | 21 | |
| 2 | 2001-02 | എൽ.എഫ്.എം.4/3285/14(2) തി.31.12.2014 | 1 | |
| 3 | 2002-03 | കെ.എസ്.എ.എം.പി.എം.4/3287/2014 തി.26.04.2017 | 3 | |
| 4 | 2003-04 | എൽ.എഫ്.എം.4/3285/14(4) തി.31.12.2014 | 7 | |
| 5 | 2004-05 (ചെലവ്) | എൽ.എഫ്.എം.4/3285/14(5) തി.31.12.2014 | 3 | |
| 6 | 2005-06 (ചെലവ്) | എൽ.എഫ്.എം.4/3285/14(6) തി.31.12.2014 | 24 | |
| 7 | 2006-07 (ചെലവ്) | എൽ.എഫ്.എം.4/3285/14(7) തി.31.12.2014 | 17 | |
| 8 | 2007-08 (ചെലവ്) | എൽ.എഫ്.എം.4/3285/14(8) തി.31.12.2014 | 24 | |
| 9 | 2008-09 | എൽ.എഫ്.എം.4/3285/14(9) തി.31.12.2014 | 15 | |
| 10 | 2009-10 | എൽ.എഫ്.എം.4/3285/14(10) തി.31.12.2014 | 10 | |
| 11 | 2010-11 | എൽ.എഫ്.എം.4/3285/14(11) തി.31.12.2014 | 12 | |
| 12 | 2011-12 | എൽ.എഫ്.എം.4/3285/14 തി.25.04.2018 | 7 | |
| 13 | 2012-13 | എൽ.എഫ്.എം.4/1127/14 തി.29.01.2016 | 3 | |
| 14 | 2013-14 | എൽ.എഫ്.എം.4/3311/14 തി.09.01.2015/24.01.2015 | 5 | |
| 15 | 2014-15 | എൽ.എഫ്.എം.4/2506/15 തി.18.04.2018 | 1 | |
| 16 | 2015-16 | നം.കെ.എസ്.എ.എം.പി.എം4/2841/2018 തി.14.06.2019 | 9 | |
| 17 | 2016-17 | കെ.എസ്.എ.എം.പി.എം4/159/2019 തി.01.06.2019 | 10 | |
| 18 | 2017-18 | കെ.എസ്.എ.എം.പി.എം4/1894/2021 തി.09-02-2022 | 5 | |
| 19 | 2018-19 | കെ.എസ്.എ.എം.പി.എം4/1895/2021 തി.09-02-2022 | 6 | |
| 20 | 2019-20 | കെ.എസ്.എ.എം.പി.എം4/1895/2021 തി. 21.06.2022 | 9 | |
| 21 | 2020-21 | കെ.എസ്.എ.എം.പി.എം4/1254/2022 തി. 21.06.2022 | 12 | |

കുറിപ്പ്: 1999-2000 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശക്തമായ ഇടപെടലുകളും തീരുമാനങ്ങളും ത്വരിതപ്പെടുത്തി പരാമർശങ്ങൾക്ക് തീർപ്പ കൽപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.4/2023

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്